# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീമതി.അനുപമ. റ്റി.വി.ഐ.എ.എസ്)

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ്.- 2016-17 സാമ്പത്തിക വർഷത്തെ 2235-02-102-56(P) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അങ്കണവാടി കെട്ടിട നിർമ്മാണം - 19.12.2016 തീയതിയിലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) 1.11.2016 തീയതിയിലെ സ.ഉ(സാധാ) നം.521/2016/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

2) ICDS-A7/37646/16 തീയതി 19.12.2016 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ : ICDS.A7-37646/16 തീയതി : 17-02-2017

അങ്കണവാടികളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള വിവിധ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം 2235-02-102-56(P) ശീർഷകത്തിൽ നിന്നും 130 ലക്ഷം രൂപ വിനിയോഗിച്ച് ഒരു അങ്കണ വാടിയ്ക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 10 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ആയത് പരാമർശം (2) പ്രകാരം നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ്, കല്യാശ്ശേരി, ഇരിക്കൂർ പ്രോജക്ടുകളിലെ ചുവടെ ചേർക്കുന്ന അങ്കണവാടികൾ ഉൾപ്പെട്ടിരുന്നു.

ടേബിൾ നം.1

| ക്രമ നം. | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം. |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കണ്ണൂർ | കല്ല്യാശ്ശേരി | കല്ല്യാശ്ശേരി | 49 |
| 2 | കണ്ണൂർ | കല്ല്യാശ്ശേരി | കല്ല്യാശ്ശേരി | 52 |
| 3 | കണ്ണൂർ | കല്ല്യാശ്ശേരി | നാറാത്ത് | 75 |
| 4 | കണ്ണൂർ | ഇരിക്കൂർ | മയ്യിൽ | 61 |

എന്നാൽ പ്രസ്തുത 4 കെട്ടിടങ്ങളിൽ 2 എണ്ണം മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി യതിനാലും 2 കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ലഭ്യമായ ഭൂമി വെറ്റ്ലാന്റ് ആയതിനാലും കെട്ടിട നിർമ്മാണം സദ്ധ്യമല്ലാത്തതിനാൽ പ്രസ്തുത അങ്കണവാടികൾക്ക് പകരമായി ചുവടെ

ചേർക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നല്കണമെന്ന് പരാമാർശം (3) പ്രകാരം കണ്ണൂർ പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

**ടേബിൾ നം.2**

| 1 | 2 | 3 | 4 | 5 | 6 | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | AWC No. | മാറ്റി നല്കേണ്ട അങ്കണവാടി | | |
| | | | | | പ്രോജക്ട് | പഞ്ചായത്ത് | AWC No. |
| 1 | കണ്ണൂർ | കല്ല്യാശ്ശേരി | കല്ല്യാശ്ശേരി | 49 | ഇരിക്കൂർ | ശ്രീകണ്ഠ പുരം നഗരസഭ | 83 |
| 2 | കണ്ണൂർ | കല്ല്യാശ്ശേരി | കല്ല്യാശ്ശേരി | 52 | കേളകം | പേരാവൂർ | 4 |
| 3 | കണ്ണൂർ | കല്ല്യാശ്ശേരി | നാറാത്ത് | 75 | പേരാവൂർ | പേരാവൂർ | 160 |
| 4 | കണ്ണൂർ | ഇരിക്കൂർ | മയ്യിൽ | 61 | ഇരിക്കൂർ | മയ്യിൽ | 62 |

ഈ സാഹചര്യത്തിൽ കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ അപേക്ഷ പരിഗണിച്ച് പരാമർശം (2) ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിയ ടേബിൾ (1) ൽ സൂചിപ്പിച്ചിരിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടേബിൾ (2) കോളം നമ്പർ (6) ൽ പറയുന്ന അങ്കണവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഭേദഗതികളോടുകൂടി പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്. മാറ്റി നല്കിയ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും നിർമ്മാണ പുരോഗതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ.

To

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പകർപ്പ് 1) പ്രോഗ്രാം ഓഫീസർ, കണ്ണൂർ (2) ബന്ധപ്പെട്ട സി.ഡി.പി.ഒ.മാർ.
3) ഐ.സി.ഡി.എസ്. എ8 സീറ്റ്.
4) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ഈ.ജെ.21.2

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീമതി. അനുപമ. റ്റി.വി., ഐ.എ.എസ്)

വിഷയം :- സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി കെട്ടിട നിർമ്മാണം - 23.6.2015 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം:- 1) 23.6.2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2) ശ്രീകൃഷ്ണപുരം ശിശുവികസന പദ്ധതി ഓഫീസറുടെ ICDS/SKP/283/15 നമ്പർ കത്ത തീയതി 19.8.16.

**ഉത്തരവ് നമ്പർ : ICDS.A7-7756/15 തീയതി : 22-02-2017**

സംസ്ഥാനത്താകെയായി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2015-16 വർഷത്തിൽ 4235-02-102-90 (പി) ശിർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് ആകെ 23 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (1) ഉത്തരവിലെ ക്രമ നം. 12 ൽ ഉൾപ്പെടുത്തിയിട്ടുള്ള ശ്രീകൃഷ്ണപും ഐ.സി.ഡി.എസിലെ കടമ്പഴിപ്പുറം പഞ്ചായത്തിലെ 20-ാം നമ്പർ അങ്കണവാടിയ്ക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി അങ്കണ വാടിയെ ഒഴിവാക്കി പകരം കടമ്പഴിപ്പുറം പഞ്ചായത്തിലെ 2- ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ശ്രീകൃഷ്ണപുരം ശിശുവികസന പദ്ധതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ ക്രമ നം.12 ൽ ഉൾപ്പെട്ടിട്ടുള്ള ശ്രീകൃഷ്ണപുരം ഐ.സി.ഡി.എസിലെ കടമ്പഴിപ്പുറം പഞ്ചായത്തിലെ 20- ാം നമ്പർ അങ്കണ വാടിയെ ഒഴിവാക്കി പകരം ടി പ്രോജക്ടിലെ കടമ്പഴിപ്പുറം പഞ്ചായത്തിലെ 2- ാം അങ്കണ വാടിയെ ഉൾപ്പെടുത്തി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതി ഉത്തരവോടെ നിലനില്ക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ.

ചീഫ് എൻജിനീയർ, പി.ഡബ്ല്യു.ഡി.(കെട്ടിട വിഭാഗം) തിരുവനന്തപുരം.

പകർപ്പ് 1) പ്രോഗ്രാം ഓഫീസർ, പാലക്കാട്.
2. സി.ഡി.പി.ഒ. ശ്രീകൃഷ്ണപുരം.
3) ഐ.സി.ഡി.എസ്. എ7./ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ.

ഈ.ജെ.25.2